പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3095

15.2.2013- ൽ
മറുപടിക്ക്

# കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, എം. എ. വാഹീദ്<br>,, കെ. അച്ചുതൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ)കയർ മേഖലയുടെ വികസന ലക്ഷ്യം കൈവരിക്കുന്നതിന് കയർ ഉല്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;<br>വിശദാംശങ്ങൾ എന്തെല്ലാം; | (എ) കയർ സഹകരണ സംഘങ്ങൾക്കും, കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡ് എന്നിവയ്ക്കും പുനരുദ്ധാരണം, നവീകരണം, ആധുനികവൽക്കരണം, വിപുലീകരണം എന്നിവയ്ക്ക് പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകി വരുന്നു.<br><br>വിപണനം ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കയർ മേഖലയിലെ സംരംഭകർക്കുള്ള മാർജ്ജിൻ മണി, ക്രയവില സ്ഥിരതാ പദ്ധതി, ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകൽ, ക്ലസ്റ്റർ വികസന പദ്ധതി, കയർ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം, വിപണന പ്രചോദന പദ്ധതി (Production and Marketing Incentive - PMI) തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികളെല്ലാം കയർ മേഖലയുടെ വികസന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്നു. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണത്തിലൂടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ ഡീഫൈബറിംഗ് |

| | |
|---|---|
| | മെഷീനുകൾ സൗജന്യമായും, മറ്റ് മേഖല യിലുള്ളവർക്ക് സബ്സിഡി നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ആധുനിക തരത്തിലുള്ള, വിവിധ ഇനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചു വരുന്നു.<br><br>സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ. വർക്ക്ഷെഡ്, ടോയ്ലറ്റ് തുടങ്ങിയവയുൾപ്പെടെയുളള നിർമ്മാണം/നവീകരണം, ഉപകരണങ്ങൾ വാങ്ങുന്നതിന് എന്നിവയ്ക്കും ധനസഹായം അനുവദിച്ചു വരുന്നു.<br><br>ആലപ്പുഴയിൽ നടത്തുന്ന കയർ കേരള അന്താരാഷ്ട്ര എക്സിബിഷനിലൂടെ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര / വിദേശ വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മേള കളും എക്സിബിഷനുകളും സംഘടിപ്പിച്ചു വരുന്നു. ആഭ്യന്തര വിപണിയിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 8.00 കോടി രൂപയുടെയും കയർഫെഡ് 40.00 കോടി രൂപയുടെയും ഫോമിൽ 1.00 കോടി രൂപയുടെയും വിൽപന നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഫോമിൽ സംസ്ഥാനത്താക മാനം ഡീലർഷിപ്പുകളും ഫ്രാൻചൈസിമോഡലു- കളും വിപണനകേന്ദ്രങ്ങളും സ്ഥാപിച്ചുകൊണ്ട് ആഭ്യന്തര വിപണി കൈയ്യടക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനാവശ്യമായ നടപടി കൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി) കയറുല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് കയർ കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ അടൂർ കിൻഫ്രാ പാർക്കിൽ ഏകദേശം 40.00 കോടി രൂപ മുതൽ മുടക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ പി.വി.സി./ ലാറ്റെക്സ് ടഫ്റ്റഡ് മാറ്റുകൾ, സാങ്കേതിക ഗുണമേന്മയുള്ള കയർമെത്തകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതുകൂടാതെ കണിച്ചുകുളങ്ങരയിൽ സ്വാഭാവിക നാരുകളുടെ സങ്കലനത്തിലൂടെ ഉണ്ടാക്കാവുന്ന ഒരു ഫൈബർ ഡിവിഷനും സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നു. ഇതെല്ലാം സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ